**കേരള കാർഷിക സർവ്വകലാശാല**

**കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ**

**<u>ടെണ്ടർ നോട്ടീസ്</u>**

സി.ആർ.എം(അക്കൗ)869/2026 തിയ്യതി – 07/05/2026

മാടക്കത്തറ കശുമാവ് ഗവേഷണ കേന്ദ്രത്തിലെ നഴ്സറിയിലേക്ക് ആവശ്യമായ ഏകദേശം 30,000 ഒട്ടു കശുമാവ് തൈകൾ സമയബന്ധിതമായി ഉൽപ്പാദിപ്പിക്കുന്നതിനായി കരാർ അടിസ്ഥാനത്തിൽ മുദ്ര വെച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.

| | |
|---|---|
| ടെണ്ടർ നമ്പർ | സി.ആർ.എം(അക്കൗ)869/2026 |
| ടെണ്ടർ സ്വീകരിക്കുന്ന അവസാന തിയ്യതിയും സമയവും | 22/05/2026 3.00 പി.എം |
| ടെണ്ടർ തുറക്കുന്ന തിയ്യതി | 22/05/2026 |
| ടെണ്ടർ സമർപ്പിക്കേണ്ട മേൽവിലാസം | ഗവേഷണ കേന്ദ്രം മേധാവി, കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറ |
| ടെണ്ടർ ഫോംസിന്റെ തുക | രേഖപ്പെടുത്തിയ തുകയുടെ 0.2 ശതമാനം ( 100 ന്റ അടുത്ത ഗുണിതത്തിലേക്ക് റൗണ്ട് ഓഫ് ചെയ്ത്) അടയ്ക്കണം. കുറഞ്ഞത് 400 രൂപയും പരമാവധി 1500 രൂപയും കൂടാതെ 18 ശതമാനം ജി എസ് റ്റി അധികമായി അടയ്ക്കുകയും വേണം. |

**ഒട്ടുതൈ ഉൽപാദനം**

- ഈ കേന്ദ്രത്തിലെ നിർദ്ദേശപ്രകാരം വിവിധയിനം കശുമാവ് മരങ്ങളുടെ സയോൺ ഉപയോഗിച്ച് ഈ കേന്ദ്രത്തിൽ നിന്നും നൽകുന്ന റൂട്ട് സ്റ്റോക്ക് തൈകളിൽ ഗ്രാഫ്റ്റ് ചെയ്യണം.
- പണിയ്ക്ക് ആവശ്യമായ പോളിത്തീൻ ടേപ്പുകൾ, സിപ്പ് - അപ്പ് കവർ, കാർഷിക മരുന്നുകൾ, സ്പ്രെയർ എന്നിവ കേന്ദ്രത്തിൽ നിന്നും നൽകുന്നതായിരിക്കും.
- ഏറ്റവും ചുരുങ്ങിയത് 70% എങ്കിലും വിജയശതമാനം ഉറപ്പുവരുത്തണം. അല്ലാത്ത പക്ഷം കുറയുന്ന ശതമാനത്തിന് സ്റ്റോക്ക് തൈ ഒന്നിന് 5 രൂപ നിരക്കിൽ ക്വട്ടേഷണറുടെ പക്കൽ നിന്നും ഈടാക്കുന്നതാണ്.
- **ഒട്ടിച്ച് വിജയിച്ച, ഗുണമേന്മയുള്ള ഒരു ഒട്ടു തൈ തയ്യാറാക്കി കൈമാറുന്നതിനുള്ള നിരക്കാണ് കാണിക്കേണ്ടത്.**
- വിജയകരമായ ഒട്ടുതൈകൾ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കൈമാറുന്നതു വരെയുള്ള എല്ലാ പരിചരണമുറകളും കരാറുകാരന്റെ ഉത്തരവാദിത്വമായിരിക്കും.
- ഈ ഓഫീസിലെ നിർദ്ദേശപ്രകാരം സമയബന്ധിതമായി ആവശ്യമുള്ള ഒട്ടുതൈ ലഭ്യമാക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

**വ്യവസ്ഥകൾ**

1. കേരള കാർഷിക സർവ്വകലാശാലയുടെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന നിശ്ചിത ഫോമിൽ ആയിരിക്കണം ടെണ്ടർ സമർപ്പിക്കേണ്ടത്.
2. ടെണ്ടർ ഫീസിനോടൊപ്പം നിരതദ്രവ്യമായി ടെണ്ടർ തുകയുടെ 1 ശതമാനമോ 1500 രൂപയിൽ കുറയാതെയോ ഉള്ള തുക കേന്ദ്രത്തിന്റെ ഓഫീസിൽ പണമായി അടയ്ക്കേണ്ടതാണ്.
3. ടെണ്ടര് അംഗീകരിച്ചു കഴിഞ്ഞാൽ 26/05/2026 തിയ്യതിക്കുള്ളിൽ 200 രൂപയുടെ മുദ്രപത്രത്തിൽ ഗവേഷകേന്ദ്രം മേധാവിക്ക് കരാർ സമർപ്പിക്കേണ്ടതാണ് കൂടാതെ ടെണ്ടർ തുകയുടെ 5 ശതമാനം സെക്യൂരിറ്റി നിക്ഷേപമായി മേൽ പറഞ്ഞ തിയ്യതിക്കകം ഗവേഷണകേന്ദ്രത്തിന്റെ അക്കൗണ്ട് നമ്പറിലേക്ക് (67218790471) അടയ്ക്കേണ്ടതാണ്
4. മേൽ പറഞ്ഞ ജോലിക്ക് നിരക്ക് കാണിച്ച് പ്രത്യേകം ടെണ്ടർ സമർപ്പിക്കേണ്ടതാണ്. ടെണ്ടറിനോടൊപ്പം ആധാർ കാർഡിന്റെ ഒരു പകർപ്പ് സമർപ്പിക്കേണ്ടതാണ്.

5. ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുള്ള പ്രകാരം ജോലിയുടെ ഗുണനിലവാരം ഉറപ്പുവരുത്തണം.
6. സർക്കാർ ടെണ്ടറിനുള്ള എല്ലാ നിബന്ധനകളും ഈ ടെണ്ടറിനും ബാധകമാണ്. ടെണ്ടറിൽ പങ്കെടുക്കുന്നവർ പാൻ കാർഡ് ഉള്ളവരായിരിക്കണം.
7. ടെണ്ടർ വ്യവസ്ഥകളിൽ വീഴ്ച്ച വരുത്തിയാൽ ജോലിക്കുള്ള പ്രതിഫലം നിബന്ധന പാലിക്കുന്നതുവരെ തടഞ്ഞുവെക്കുവാനോ ടെണ്ടർ റദ്ദാക്കുവാനോ, സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുവാനോ, നിയമനടപടികൾ സ്വീകരിക്കുവാനോ സ്റ്റേഷൻ മേധാവിക്ക് അധികാരം ഉണ്ടായിരിക്കും.
8. ജോലിയുടെ വിശദവിവരങ്ങൾ അറിയാൻ ഫാം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.
9. തൊഴിലാളികൾ ഗവേഷണ കേന്ദ്രത്തിനുള്ളിൽ ഗ്രീൻ പ്രോട്ടോകോൾ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് കരാറുകാരൻ ഉറപ്പുവരുത്തേണ്ടതാണ്.
10. ടെണ്ടർ തുകയിൽ നിന്നും സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ആദായ നികുതി ഈടാക്കുന്നതായിരിക്കും. ഇതു കൂടാതെ ഈ കരാറുമായി ബന്ധപ്പെട്ട് സർക്കാരിലേയ്ക്ക് മറ്റേതെങ്കിലും നികുതികൾ കാലാകാലങ്ങളിൽ അടയ്ക്കേതുണ്ടെങ്കിൽ അത് അടക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.
11. എന്തെങ്കിലും കാരണവശാൽ കരാറുകാരന് സമയബന്ധിതമായി ഒട്ടു തൈകൾ കൈമാറാനാകാതെ വരുന്ന പക്ഷം ടെണ്ടർ റദ്ദ് ചെയ്യുകയോ, ടി നിരക്കുകൾക്ക് ജോലികൾ വേറെ കരാറുകാരെ ഏൽപ്പിക്കുകയോ, പുനർ ടെണ്ടർ നടത്തുകയോ ചെയ്യുന്നതുമാണ്.
12. ടെൻഡറിലുള്ള നിബന്ധനകളും കരാറിലുള്ള വ്യവസ്ഥകളും പാലിക്കാത്ത പക്ഷം നൽകിയിരിക്കുന്ന നിരതദ്രവ്യം/ സെക്യൂരിറ്റി ഡെപ്പോസിറ്റ് സർവ്വകലാശാല ഫണ്ടിലേയ്ക്ക് കണ്ട് കെട്ടുന്നതായിരിക്കും.

മുദ്രവെച്ച ടെണ്ടറുകൾ 22/05/2026 തിയ്യതിക്കകം ഉച്ചക്ക് 12 മണിക്ക് മുൻപായി അസോസിയേറ്റ് പ്രൊഫസ്സർ & ഹെഡ്, കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. ടെണ്ടർ സമർപ്പിക്കുമ്പോൾ ജോലിയുടെ പേര് കവറിന് പുറത്ത് എഴുതിയിരിക്കണം. ടെണ്ടറുകൾ അന്നേ ദിവസം ഉച്ചതിരിഞ്ഞ് 3.00 മണിക്ക് തന്നെ തൽസമയം സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ടെണ്ടർ കാരണം കാണിക്കാതെ നിരസിക്കാനുള്ള അധികാരം പ്രൊഫസ്സർ & ഹെഡിൽ നിക്ഷിപ്തമാണ്.

ഗവേഷണ കേന്ദ്രം മേധാവി

Associate Professor & Head
Cashew Research Station
Kerala Agricultural University
Madakkathara P.O., Thrissur - 680 651

പകർപ്പ് :

1. എ.ആർ.എസ്,മണ്ണുത്തി
2. കാർഷിക കോളേജ്, വെള്ളാനിക്കര
3. എസ്റ്റേറ്റ് ഓഫീസ്, വെള്ളാനിക്കര
4. പഞ്ചായത്ത് ഓഫീസ്, വെള്ളാനിക്കര
5. വില്ലേജ് ഓഫീസ്, മാടക്കത്തറ
6. കൃഷിഭവൻ, മാടക്കത്തറ
7. കൃഷിഭവൻ,ഒല്ലൂക്കര
8. കെ.എ.യു വെബ്സൈറ്റ്

CASHEW RESEARCH STATION
MADAKKATHARA
PIN-680 651
KERALA AGRICULTURAL UNIVERSITY